**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 21.05.2025 മുതൽ 25.05.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 25/2025 (49) വെള്ളിയാഴ്ച | തീയ്യതി 20/06/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 21.06.2025 | 22.06.2025 | 23.06.2025 | 24.06.2025 | 25.06.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 7 | 6 | 10 | 5 | 4 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 10 | 10 | 12 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 200 | 230 | 230 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 8 | 6 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:-. കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്- (വിരിപ്പ്) | ഞാറ് പരുവം | ശക്തമായ മഴയുള്ളതിനാൽ നിലം ഒരുക്കൽ, നഴ്സറിയിടൽ ഞാറ് നടീൽ തുടങ്ങിയ ജോലികൾ മാറ്റിവയ്ക്കുക. |
| വാഴ | എല്ലാ ഘട്ടങ്ങളും | വെള്ളക്കെട്ട് ഉള്ള കൃഷിയിടത്തിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. ശക്തമായ കാറ്റ് വീശാൻ സാധ്യത ഉള്ളതിനാൽ വാഴകൾക്ക് താങ്ങു കാലുകൾ കൊടുക്കുക. |
| തെങ്ങ് | എല്ലാ ഘട്ടങ്ങളും | കൃഷിയിടത്തിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. തെങ്ങിന്റെ തടം തുറക്കുക. വളപ്രയോഗം, കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം കാലാവസ്ഥ അനുകൂലമാകുന്നതുവരെ മാറ്റിവെയ്ക്കുക. |
| പച്ചക്കറികൾ | എല്ലാ ഘട്ടങ്ങളും | വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. പന്തലിലുള്ള പച്ചക്കറികൾക്ക് താങ്ങു കൊടുക്കുക. വള പ്രയോഗവും കീടനാശിനി പ്രയോഗവും കുറച്ചു ദിവസത്തേക്ക് നിറുത്തി വെയ്ക്കുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കുളമ്പു ചീയൽ കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. ജലസ്രോതസുകളിൽ രോഗാണുക്കളുള്ള മലിന ജലം കലരാൻ ഇടയുള്ളതിനാൽ അണുനാശിനി ചേർത്ത് ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക.(CAADECCS, KVASU, Mannuthy).